**WEEK -2**

# Arise and eat

## *(എഴുന്നേറ്റ് തിന്നുക -1 രാജ : 19:5)*



പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ക്രിസ്തു ഭക്തനായിരുന്നു മോശെവത്സലം. അനേക ക്രിസ്തീയ ഗാനങ്ങൾ അദ്ദേഹം ക്രൈസ്തവസഭകൾക്ക് നൽകിട്ടുണ്ട്. ഈ പാട്ടുകളിൽ അടങ്ങിയിരിക്കുന്ന ആത്മീയ സന്ദേശത്തിന് ഇന്നും മങ്ങൽ ഏറ്റിട്ടില്ല. മോശെവത്സലം കാളവണ്ടിയിൽ സഞ്ചരിച്ചാണ് സുവിശേഷ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് .ഒരു ദിവസം ഒരു പരസ്യയോഗത്തിനായി പോകുമ്പോൾ ധാരളം പേർ കൂടി നിൽക്കുന്നതു കണ്ട് വണ്ടിനിർത്തി. മന്ത്രവാദം ചെയ്ത് ഒരാൾ കുഴിച്ചിട്ടത് മറ്റൊരു മന്ത്രവാദി തുള്ളി എടുക്കുവാൻ ശ്രമിക്കുന്നതാണദ്ദേഹം കണ്ടത്. ഭയപ്പെടാതെ പരിശുദ്ധാത്മപ്രേരണയനുസരിച്ച് അവിടെ നിന്ന് സത്യസുവിശേഷം അദ്ദേഹം പ്രചരിപ്പിച്ചു. മനുഷ്യനെ ഭയപ്പെടുത്തുന്നതും തെറ്റിദ്ധരിപ്പിക്കുന്നതുമായ ഈ മന്ത്രവാദത്തെ ഉപേക്ഷിച്ച് സന്തോഷത്തോടെ ജീവിപ്പാൻ ദൈവ വചനം സ്വീകരിപ്പാൻ ആഹ്വാനം ചെയ്തു. അതിനായി ഏവരേയും വിശുദ്ധ ദിവസം ആലയത്തിലേക്ക് സ്വാഗതം ചെയ്തു. അടുത്ത ഞായറാഴ്ച മന്ത്രവാദി ഉൾപ്പെട്ട അനേകർ എത്തി വചനം കേട്ടു. മന്ത്രത്തെക്കാളും ശക്തിയുള്ള ദൈവീകാരാധനയിലെത്തി സ്തോത്രം പറഞ്ഞ് അവർ മന്ത്രശക്തിയെ ദുർബലമാക്കി. വചനം ഹൃദയത്തിൽ ഏറ്റെടുത്തു ശത്രുവിനെ ഭയന്നു ഓടിപ്പോകാതെ വചനം വിളമ്പിയ ദൈവദാസൻ എഴുന്നേറ്റ് ആവോളം വചനം ഭക്ഷിച്ചതിനാലാണ് ആ ധൈര്യം അദ്ദേഹത്തിന് ലഭിച്ചത്.

ചില അപ്രതീക്ഷിത സംഭവങ്ങളും, ഭയം, അവിശ്വാസം ഇവയും നമ്മിൽ നിരാശകൊണ്ടുവരാം, ഇസബേൽ എന്ന സ്ത്രീയെ ഭയന്നാണ് ഏലിയാവിൽ നിരാശ

യുണ്ടായത്. ഇസബേല്യപ്രവാചകന്മാരെ കൊന്ന ഏലിയാവിനെ അവരിലൊരുവനെപ്പോലെ ആക്കും എന്ന് ദൂതൻ മുഖേന അറിയിച്ചപ്പോഴാണ് ഏലിയാവ് ഭയന്ന് ജീവരക്ഷയ്ക്കായി ഓടുവാൻ തീരുമാനിച്ചത്, (1 രാജ : 19 :1,2), എന്നാൽ എബ്രായബാലന്മാർ നെബുവദ്നസേറിനോട് പറഞ്ഞതുപോലെ ഏലിയാവ് ഇസബേല്യ ദൂതനോട് പറഞ്ഞിരുന്നു. എങ്കിൽ അദ്ദേഹത്തിന് ജീവരക്ഷയ്ക്കായി ഓടേണ്ടിവരികയില്ലായിരിന്നു. (ദാനി 3:17,18) എബ്രായബാലന്മാർക്ക് ഭയമോ, നിരാശയോ ഇല്ലായിരുന്നു. കാരണം ഭൗമീകനിയമത്തേക്കാൾ സ്വർഗ്ഗീയ നിയമത്തെ അനുസരിക്കുന്നതാണ് എറെനന്ന് എന്ന് അവർ മനസ്സിലാക്കിയിരുന്നു.

യഹോവയ്ക്കുവേണ്ടി വീറോടെ നിന്നിരുന്ന പ്രവാചകനാണ് നിരാശയിൽ വീണ് ചൂരച്ചെടിയുടെ തണലിൽ എത്തിയത്. ‘ മതിയഹോവേ’ എന്ന പ്രാർത്ഥന നിരാശയുടെ ആഴം വ്യക്തമാക്കുന്നു. ഹൃദയം കൊണ്ട് യഹോവയെ വിട്ടുമാറുന്നവൻ മരുഭൂമിയിലെ ചൂരച്ചെടിപോലെയാകുന്നു. (യിരെ : 17:5,6). നിരാശ ദൈവ മക്കളിൽ കൊണ്ടുവരുന്നത് സാത്താനാണ്. ഏലിയാവ് തന്റെ നിരാശയിലും പ്രാർത്ഥിച്ചത് യഹോവകണ്ടു. ജീവരക്ഷയ്ക്കായി ഓടിത്തളർന്നവന്റെ ക്ഷീണം മാറ്റുവാൻ സ്വർഗ്ഗീയ അപ്പവും വെള്ളവും നൽകുവാൻ ദൈവം തന്റെ ദൂതന്നെ അയച്ചു, സനേ്ഹത്തോടെയുള്ള ആ തട്ട് (തലോടൽ) അവനെ എഴുന്നേൽപ്പിച്ചു. ആദ്യം ഭക്ഷിയ്ക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ക്ഷീണവും ഭയവും മൂലം സ്വല്പമേ ഭക്ഷിച്ചുള്ളു എന്ന് മനസ്സിലാക്കിയതിനാലാണ് രണ്ടാമതും എഴുന്നേറ്റ് തിന്നുക എന്നാവശ്യപ്പെട്ടത്.

നമുക്കാവശ്യമുള്ള ദൈവചനം തക്കസമയത്ത് കണ്ണിൽപ്പെടുന്നതും, ചിന്തയിൽ കൊണ്ടുവരുന്നതും വായിൽ തരുന്നതും എല്ലാം ഈ ദൈവ സ്നേഹമാണ്. ദൈവ മക്കൾക്കാവശ്യമുള്ള ഭക്ഷണം ഈ ഭയാനകമായ ലോകത്തിൽ തരുന്നത് ദൈവമാണ്. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മയ്ക്കായി നൽകുന്നവനാണ്. എത്ര കഠിനമായ നിരാശയിലാണ് നിങ്ങളെങ്കിലും മുട്ടുമടക്കി പ്രാർത്ഥിച്ചാൽ ആശ്വാസദായകൻ നിങ്ങൾക്കുള്ള ഭക്ഷണവുമായി എത്തും നമ്മുടെ ശാരീരികവും മാനസീകവുമായ അവസ്ഥ അറിയുക മാത്രമല്ല തന്റെ ദൃഷ്ടി നമ്മെ അനുഗമിക്കുകയും ചെയ്യുന്നു.

പ്രീയ ദൈവമക്കളേ ഭയവും ധൈര്യവും ഇടകലർന്നതാണ് മനുഷ്യജീവിതം. ഭയമുണ്ടാകുമ്പോൾ ധൈര്യം മാറിപ്പോകുന്നതുപോലെ ധൈര്യം ഉണ്ടാകുമ്പോൾ ഭയം മാറിപ്പോകുന്നു ധൈര്യത്തിന്റെ ശക്തി ഭയത്തെ അകറ്റുന്നു. ദൈവവചനം കണ്ടെത്തി ആവോളം ഭക്ഷിച്ചാൽ

‘ഞാൻ നിന്നോടുകൂടെയുണ്ട’ എന്ന വാഗ്ദത്തം നമ്മെ ബലപ്പെടുത്തും ദൈവചനം ഭക്ഷിക്കുന്നവന് ആത്മീയവും ഭൗതീകവുമായ നന്മ ലഭിക്കുന്നു. ഈ പുതു വർഷം ആയിരിക്കുന്ന സ്ഥാനത്തു നിന്ന് എഴുന്നേറ്റ് ശക്തിയുള്ള ആത്മീകാഹാരം ഭയമി

ല്ലാതെ മറ്റുള്ളവർക്ക് വിളമ്പുവാൻ മോശെവത്സലത്തെപ്പോലെ നമുക്കും കഴിയട്ടെ. ഈ മരുഭൂയാത്രിയിൽ തളരാതെ വചനം ഭക്ഷിക്കുക ദൈവസാന്നിദ്ധ്യം അനുഭവിക്കുക. ഈ 2020 അനുഗ്രഹത്തിന്റെ വർഷമാക്കുവാൻ ആവോളം വചനം സ്വീകരിക്കുക. ദൈവം അതിനായി നിങ്ങളെ ഒരുക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg